"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

15 YEARS OF CELEBRATING THE MAHATMA

നംസി 1 /179/ 2021/ആ.കു.വ
ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 08/09/2021

## സർക്കുലർ

വിഷയം:- ആ.കു.വ -ബഹു.മുഖ്യമന്ത്രി നടത്തിയ ഭരണ ഭാഷാ പ്രഖ്യാപനം നടപ്പിലാക്കുന്നത് -സംബന്ധിച്ച്

സൂചന:-

1. 13.01.2015-ലെ സ.ഉ (അച്ചടി )നം.02/2015/ഉ.ഭ.പ.വ നമ്പർ സർക്കാർ വിജ്ഞാപനം
2. 13.01.2015-ലെ സ.ഉ (അച്ചടി )നം.03/2015/ഉ.ഭ.പ.വ നമ്പർ സർക്കാർ വിജ്ഞാപനം
3. 10.04.2017 ൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഔദ്യോഗിക ഭാഷാ ഉന്നതതല സമിതി യോഗ നടപടിക്കുറിപ്പ്
4. 26.04.2017 ലെ സ.ഉ(അച്ചടി)നം.06/2017 .ഉ.ഭ.പ.വ നമ്പർ സർക്കാർ വിജ്ഞാപനം

**********************

2017 മെയ് മുതൽ ഔദ്യോഗിക ഭാഷ പൂർണമായും മലയാളമാക്കികൊണ്ട് സൂചന (3) പ്രകാരം ബഹു.മുഖ്യമന്ത്രി നടത്തിയ ഭരണ ഭാഷാ പ്രഖ്യാപനം നടപ്പിലാക്കുന്നതിനായി ഔദ്യോഗിക ഭാഷാ ഉന്നതതല സമിതി തീരുമാനിച്ച് സൂചന (4)പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നിയമപരമായി ഇംഗ്ലീഷും ന്യൂനപക്ഷ ഭാഷകളും ഉപയോഗിക്കേണ്ട സാഹചര്യങ്ങളൊഴികെയുള്ള എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മെയ് മുതൽ നിർബന്ധമായും മലയാളം മാത്രമേ ഉപയോഗിക്കാവൂ എന്ന് നിഷ്കർഷിച്ചിരുന്നു. ആയതിനാൽ ഫയൽ തയ്യാറാക്കുമ്പോൾ ഇംഗ്ലീഷിൽ തയ്യാറാക്കേണ്ട അവശ്യഘട്ടങ്ങളൊഴികെ, മറ്റെല്ലാ ഫയലുകളും മലയാളത്തിൽ തയ്യാറാക്കേണ്ടതും ആയത് നടപ്പിലാക്കുന്നുണ്ടെന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ എല്ലാ സെക്ഷനുകളും ഉറപ്പാക്കേണ്ടതുമാണ്.

ഉത്തരവിൻ പ്രകാരം

ദിലീപ്.സി.ഡി
ജോയിന്റ് സെക്രട്ടറി

സെക്ഷൻ ഓഫീസർ.

പകർപ്പ്

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ എല്ലാ സെക്ഷനുകൾക്കും
ബഹു. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക്
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ബഹു ആരോഗ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
വിവരപൊതുജന സമ്പർക്ക വകുപ്പ് / വെബ് &മീഡിയ വിഭാഗം
കരുതൽ ഫയൽ